(ഡി) ഇതിനകം എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇനി എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) എന്നത്തേക്ക് ഈ പ്രോജക്ട് പൂർത്തിയാകുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1981-ലാണ് ആരംഭിച്ചത്.

(ബി) ഇടമലയാർ ജലവൈദ്യുത പദ്ധതിയിൽ നിന്നും പുറത്തുവിടുന്ന ജലം ഉപയോഗിച്ച് 14394 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്താനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) നിലവിൽ ഈ പ്രോജക്ടിന്റെ 80 ശതമാനത്തോളം പണി പൂർത്തീകരിച്ചു.

(ഡി) 2008 മാർച്ച് 31-വരെ ഈ പദ്ധതിക്കായി 322.38 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

(ഇ) 217.12 കോടിയോളം രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്.

(എഫ്) പദ്ധതി 2012-ൽ ഭാഗികമായി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ

93 (4983) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ഏതെല്ലാം മൈനർ ഇറിഗേഷൻ പദ്ധതികളാണ് ഈ വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; ഇതിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഓരോ പ്രവൃത്തിയും എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇക്കാര്യത്തിൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും അടിയന്തരമായി പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. തിരൂരങ്ങാടി പഞ്ചായത്തിലെ മാണിപ്പാടം ഡ്രെയിനേജ് സ്കീം.

LIBRARY ARCHIVES Kerala Legislative Assembly

2. വള്ളിക്കുന്ന് പഞ്ചായത്തിലെ കാക്കാത്തോട് ലിഫ്റ്റ് ഇറിഗേഷൻ സ്കീം (ടോക്കൺ)

3. മുന്നിയൂർ പഞ്ചായത്തിലെ പാട്ടിശ്ശേരി പാടത്ത് മിനി ലിഫ്റ്റ് ഇറിഗേഷൻ സ്കീം (ടോക്കൺ). ഇതിൽ തിരൂരങ്ങാടി പഞ്ചായത്തിലെ മാണിപ്പാടം ഡ്രെയിനേജ് സ്കീം പൂർത്തിയായിട്ടുണ്ട്. ഇതിന് ഇലക്ട്രിക് കണക്ഷൻ ലഭിക്കേണ്ടതുണ്ട്. കാക്കാത്തോട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കും, പാട്ടിശ്ശേരിപാടത്ത് മിനി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിനും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) 1. മാണിപ്പാടം ഡ്രെയിനേജ് സ്കീം (ഇലക്ട്രിക് കണക്ഷനു വേണ്ടി) 8.00 ലക്ഷം.

2. കാക്കാത്തോട് ലിഫ്റ്റ് ഇറിഗേഷൻ സ്കീം 50.00 ലക്ഷം (റഫ് എസ്റ്റിമേറ്റ്)

3. പാട്ടിശ്ശേരി പാടത്ത് മിനി ഇറിഗേഷൻ സ്കീം 80.00 ലക്ഷം (റഫ് എസ്റ്റിമേറ്റ്)

(സി) എസ്റ്റിമേറ്റ് അംഗീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്.

ബാണാസുരസാഗർ ജലസേചന പദ്ധതി

94 (4984) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ നിർമ്മാണ പുരോഗതി വെളിപ്പെടുത്താമോ ;

(ബി) പദ്ധതിക്കായി ഇതുവരെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതിക്കായി നടപ്പുവർഷം പരിഗണനയിലുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ ;

(ഡി) പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിലെ ബാണാസുരസാഗർ പദ്ധതിയുടെ മെയിൻ കനാലിന്റേയും ബ്രാഞ്ച് കനാലുകളുടേയും ഒരു വിതരണ കനാലിന്റേയും പണി നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly